**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 218** **10-03-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഗർഭിണികൾക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വിഭാഗത്തിലെ ഗർഭിണികളായ സ്ത്രീകൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വിഭാഗത്തിലെ ഗർഭിണികളായ സ്ത്രീകൾക്ക് പട്ടികജാതി വകുപ്പ് മുഖേന ആനുകൂല്യങ്ങൾ നൽകി വരുന്നില്ല. പട്ടികവർഗ്ഗക്കാരായ ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും പോഷകാഹാര പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജനനി ജന്മ രക്ഷ പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയിൽ ഗർഭാവസ്ഥയുടെ മൂന്നുമാസം മുതൽ കുട്ടിക്ക് ഒരു വയസ് തികയുന്നതുവരെ 18 മാസത്തേക്ക് പ്രതിമാസം 2000/- രൂപ നിരക്കിൽ സാമ്പത്തിക സഹായം നൽകി വരുന്നു. |
| (ബി) | സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗത്തിൽപ്പെട്ട ഗർഭിണികളായ സ്ത്രീകൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (ബി) | പട്ടികവർഗത്തിൽപ്പെട്ട ഗർഭിണികളായ സ്ത്രീകൾക്ക് നൽകുന്ന ജനനി ജന്മ രക്ഷ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) എപിഎൽ/ബിപിഎൽ വിഭാഗഭേദമില്ലാതെ എല്ലാ പട്ടികവർഗ ഗർഭിണികളും പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും.<br><br>2) ഗർഭാവസ്ഥയുടെ മൂന്നുമാസം മുതൽ കുട്ടിക്ക് ഒരു വയസ് തികയുന്നതുവരെ 18 മാസത്തേക്ക് പ്രതിമാസം 2000/- രൂപ നിരക്കിൽ ആനുകൂല്യം ലഭ്യമാകും.<br><br>3) ആനുകൂല്യം ലഭിക്കുന്നതിന് ഗുണഭോക്താവിനെ JPHN/ASHA-സർട്ടിഫൈ ചെയ്യണം. ആദ്യ ഗഡുവിനായി സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം സമർപ്പിക്കണം. JPHN/ഡോക്ടർ അമ്മയ്ക്ക് ഒരു പ്രസവപൂർവ പരിശോധനയെങ്കിലും നടത്തിയിട്ടുണ്ടെങ്കിൽ രണ്ടാമത്തെ ഗഡു ലഭിക്കും. BP പരിശോധന, മൂത്ര പരിശോധന, HB കണക്കാക്കൽ, ഭാരം പരിശോധന എന്നിവ ഒരു തവണയെങ്കിലും |

| | | | |
|---|---|---|---|
| | | | നടത്തിയതിന് ശേഷം 7-ാമത്തെ മാസത്തെ ഗഡു നൽകും. കുട്ടിക്ക് സീറോ ഡോസ് OPV, ജനന ഡോസ് HPV, BCG എന്നിവ നൽകിയാൽ പതിനൊന്നാം മാസത്തെ ഗഡു അനുവദിക്കും. കുട്ടിക്ക് മൂന്ന് ഡോസ് പ്രാഥമിക പ്രതിരോധ കുത്തിവയ്പ്പുകൾ നൽകിയാൽ അവസാന ഗഡു അനുവദിക്കും. പട്ടികവർഗ്ഗ സ്ത്രീകൾക്ക് ആവശ്യമായ എല്ലാ പ്രസവപൂർവ, ശിശു പരിചരണവും നൽകുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടത് ജെപിഎച്ച്എൻ, ആശ എന്നിവരുടെ ഉത്തരവാദിത്തമാണ്.<br><br>4) പ്രസവാനന്തരം 12 മാസത്തിനുശേഷം അമ്മയ്ക്ക് പദ്ധതിയുടെ ഗുണഭോക്താവാകാൻ കഴിയില്ല.<br>5) അമ്മയ്ക്കും കുഞ്ഞിനുമുള്ള പോഷകാഹാരത്തിനായി മാത്രമേ ഈ തുക വിനിയോഗിക്കാവൂ.<br><br>6) കൃത്യമായി പൂരിപ്പിച്ച അപേക്ഷ (നിർദ്ദിഷ്ട ഫോർമാറ്റിൽ) JPHN കൗണ്ടർ സൈൻ ചെയ്തത് പ്രൊമോട്ടർ വഴിയോ നേരിട്ടോ TEO/ITDP/TDO-യ്ക്ക് സമർപ്പിക്കണം.<br><br>7)പി.ഒ/ടി.ഡി.ഒ ഗുണഭോക്താക്കളുടെ പട്ടികയിൽ അപേക്ഷകയുടെ പേര് രേഖപ്പെടുത്തുകയും അപേക്ഷ ലഭിച്ചാലുടൻ ആദ്യ ഗഡു അനുവദിക്കുകയും വേണം.<br><br>8) മുൻകൂട്ടി അപേക്ഷ സ്വീകരിക്കുന്ന സാഹചര്യത്തിൽ, ഗർഭകാലത്തിന്റെ 3 മാസ കാലയളവ് മുതൽ ആനുകൂല്യം നൽകുന്നതാണ്.<br><br>9) അമ്മയ്ക്കും നവജാത ശിശുവിനും ഒരേസമയം ഒരേ കാലയളവിൽ എന്ന നിലയിൽ ആനുകൂല്യം അനുവദിക്കേണ്ടതാണ്.<br><br>10) ഗർഭം അലസൽ/കുഞ്ഞിന്റെ മരണം സംഭവിക്കുകയാണെങ്കിൽ മാനുഷിക പരിഗണനയോടെ മുഴുവൻ ആനുകൂല്യങ്ങളും അവർക്ക് നൽകാവുന്നതാണ്. |
| (സി) | പ്രസവം കഴിഞ്ഞ് എത്ര മാസംവരെ ഈ ആനുകൂല്യങ്ങൾ നൽകുന്നുണ്ടെന്ന് അറിയിക്കുമോ; | (സി) | ഗർഭാവസ്ഥയുടെ മൂന്നമാസം മുതൽ കുട്ടിക്ക് ഒരു വയസ് തികയുന്നതുവരെ 1 8 മാസം ജനനി ജന്മ രക്ഷ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ നൽകി വരുന്നു. |
| (ഡി) | ആദിവാസി മേഖലകളിലെ മാതൃ-ശിശു മരണങ്ങൾ കുറയ്ക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) | സംസ്ഥാന പട്ടികവർഗ്ഗ മേഖലയിലെ സ്ത്രീകളുടെയും, കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിനായി നടപ്പാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**1. ജനനിജന്മരക്ഷ പദ്ധതി** |

ഗർഭാവസ്ഥയിലെ മൂന്നാം മാസം മുതൽ 18 മാസത്തേയ്ക്ക് പ്രതിമാസം 2000/- രൂപ ധനസഹായം അനുവദിക്കുന്നു.

**<u>2. വാൽസല്യ സ്പർശം പദ്ധതി</u>**

നവജാത ശിശുക്കളുടെ അമ്മമാർക്ക് രാത്രി കാലങ്ങളിൽ മുലയൂട്ടൽ അപകട രഹിതമാക്കുന്നതിന് സഹായിക്കുന്നതിനായി വേണ്ട പരിശീലനവും, അവബോധവും നൽകുന്നതിനായി അഗളി, ഷോളയൂർ, പുതൂർ ഗ്രാമപഞ്ചായത്തുകളിലായി ഒന്നു വീതം ഫീൽഡ് നേഴ്സുമാരെ വൽസല്യ സ്പർശം പദ്ധതിയിൽ ഉൾപ്പെടുത്തി നിയമിച്ചിട്ടുണ്ട്.

3. **<u>സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി</u>**

സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് ചികിത്സയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതി

**<u>4 ഊരിൻറെ താരാട്ട് പദ്ധതി</u>**

ഊരിൻറെ താരാട്ട് പദ്ധതിയുടെ ഭാഗമായി അട്ടപ്പാടി മേഖലയിലെ ഗർഭസ്ഥ ശിശുവിനും അമ്മയ്ക്കും ആവശ്യമായ നിയോനാറ്റൽ (നവജാത ശിശു സംരക്ഷണ) കിറ്റ് വിതരണം ചെയ്യുന്നതിനായി "സ്നേഹപൂർവം അമ്മയ്ക്ക്" എന്ന പദ്ധതി ആവിഷ്കരിക്കുകയും കിറ്റ് വിതരണം ചെയ്തു വരികയും ചെയ്തിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി വിവിധ ക്യാമ്പയിനുകളും ബോധവത്ക്കരണ ക്യാമ്പുകളും പരിശീലനവും നടപ്പിലാക്കി വരുന്നുണ്ട്.

**<u>5. ട്രൈബൽ ഹെൽത്ത് ആൻറ് ന്യൂട്രീഷ്യൻ കൺസൾട്ടൻറ്</u>**

അട്ടപ്പാടി ഉൾപ്പെടെയുള്ള പട്ടികവർഗ മേഖലകളിലെ ആരോഗ്യ പോഷക ക്ഷേമ പ്രവർത്തനങ്ങൾ കോർഡിനേറ്റ് ചെയ്യുന്നതിനായി UNICEF ന്റെ സാമ്പത്തിക സഹായത്തോടെ ഒരു കൺസൾട്ടൻറിനെ Tribal Health and Nutrition Consultant) നെ നിയമിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

6. ഗർഭിണികൾക്ക് പ്രത്യേക പോഷകാഹാര കിറ്റുകൾ നൽകി വരുന്നു.

7. പ്രതിരോധ കുത്തിവയ്പ്പ് നൽകൽ, വിളർച്ചയുള്ള കുട്ടികളെയും ഗർഭിണികളെയും കണ്ടെത്തുന്നതിനും

| | | | |
|---|---|---|---|
| | | | ചികിത്സിക്കുന്നതിനും പ്രത്യേക സ്ക്രീനിംഗ് ക്യാമ്പുകൾ നടത്തി വരുന്നു. കൂടാതെ കുട്ടികൾക്കും, ഗർഭിണികൾക്കും അയൺ, ഫോളിക് ആസിഡും, വിറ്റാമിനുകളും കൃത്യമായി വിതരണം ചെയ്ത് വരുകയും ചെയ്യുന്നു.<br><br>8. പോഷകാഹാര ലഭ്യത വിവിധ പദ്ധതികളിലൂടെ ഉറപ്പുവരുത്തിയിട്ടുണ്ട്.<br><br>9. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള കൗൺസിലർമാർ കൗൺസിലിംഗ് നൽകി വരുന്നു.<br><br>10.സിക്കിൾസെൽ അനീമിയ രോഗികൾക്ക് പ്രതിമാസം 2500/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നുണ്ട്.<br><br>11. കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പാലക്കാട് മെഡിക്കൽ കോളേജിൽ നിന്നുള്ള വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അധികമായി ഒരു ആംബുലൻസിന്റെ സേവനം പട്ടികവർഗ്ഗ വികസന വകുപ്പിൻറെ ഫണ്ട് ഉപയോഗപ്പെടുത്തി ലഭ്യമാക്കിയിട്ടുണ്ട്.<br><br>12.ഗർഭിണികൾ മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് സഹായം എത്തിക്കുന്നതിനായി ഹെൽപ് ഡസ്ക് രൂപീകരിച്ച്, 24 മണിക്കൂർ സേവനം ലഭ്യമാക്കി വരുന്നുണ്ട്.<br><br>13. അട്ടപ്പാടി ഐ.റ്റി.ഡി.പി യുടെ ആംബുലൻസ് സർവീസ് 24 മണിക്കൂർ ലഭ്യമാക്കി.<br><br>14. അട്ടപ്പാടി പി.വി.റ്റി.ജി.മേഖലയിലെ ആരോഗ്യകാര്യങ്ങളിൽ നേരിട്ട് ഇടപെടുന്നതിനായി വകുപ്പിന്റെ കീഴിൽ പുതിയൊരു മൊബൈൽ മെഡിക്കൽ യൂണിറ്റ് ആരംഭിച്ച് പ്രവർത്തനം നടത്തി വരുന്നുണ്ട്.<br><br>15. അട്ടപ്പാടി മേഖലയിലെ വികസന ക്ഷേമ പ്രവർത്തനങ്ങൾ ബഹു.ഒറ്റപ്പാലം സബ് കളക്ടറുടെ നേതൃത്വത്തിൽ എല്ലാ ആഴ്ചയിലും, ബഹു. പാലക്കാട് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ മാസത്തിൽ ഒരിക്കലും കൂടാതെ ബഹു എം.പി., ബഹു.എം.എൽ.എ എന്നവർ ഉൾപ്പെടുന്ന കോർഡിനേഷൻ സമിതിയുടെ നേതൃത്വത്തിൽ 3 മാസത്തിൽ ഒരിക്കലും വിലയിരുത്തി നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ